ഫ ഫ വ ലെ തിട്ടക്കണക്കുകൾ (Actuals)

൯. ഓരോ ആണ്ടുപിറവിക്കുംമുമ്പ് അടുത്ത ആണ്ടിൽ പ്രതീക്ഷിക്കുന്ന വരവുകളും ചിലവുകളും നിശ്ചയിച്ച് കാണിക്കലാണ ബഡ്ജറവ രചിക്കുന്നതിന്റെ ആദ്യത്തെപടി. അങ്ങിനെ ഉണ്ടാക്കുന്ന കണക്കാണ ബഡ്ജറവ് എസ്റ്റിമേറവ്. എതുകൊല്ലത്തേക്കാണോ ബഡ്ജറവ് എസ്റ്റിമേറവുണ്ടാക്കുന്നത് ആ കൊല്ലത്തെ കണക്കുകളുടെ കൂടെക്കൂടി സൂക്ഷ്മമായ വിവരം ആ കൊല്ലം കഴിയാറാവുമ്പോഴെക്കും ലഭ്യമാകുന്നു. ഈ കണക്കാണ റിവൈസ്ഡ് എസ്റ്റിമേറവ്. അടുത്ത കൊല്ലത്തെ ബഡ്ജറവ് എസ്റ്റിമേറവുകളൊന്നിച്ച റിവൈസ്ഡ് എസ്റ്റിമേറവ വെളിവാക്കുന്നതാണ പതിവ്. കൊല്ലം കഴിഞ്ഞാൽ പോയ കൊല്ലത്തെ തിട്ടക്കണക്കുകളും (actuals) കിട്ടുമാറാകും. അങ്ങിനെ, ഫ ഫ വ കക്കടകത്തിൽ ഫ ഫ വ ര് ലേക്കുള്ള ബഡ്ജറവ് എസ്റ്റിമേറവ്, ഫ ഫ വ ലെ റിവൈസ്ഡ് എസ്റ്റിമേറവ്, ഫ ഫ വ ലെ തിട്ടക്കണക്കുകൾ, ഈ മൂന്നു കണക്കുകൾ വെളിവാക്കപ്പെടുന്നു. ഫ ഫ വ കക്കടകത്തിൽ അവതരിപ്പിക്കേണ്ട ബഡ്ജറാണ് ഇപ്പോൾ അവതരിപ്പിക്കപ്പെടുന്നതെന്നതുകൊണ്ട്, ഈ സന്ദർഭത്തിൽ ഫ ഫ വ ലെ തിട്ടക്കണക്കുകളെപ്പറ്റി പ്രസ്താവിക്കേണ്ടിയിരിക്കുന്നു.

ഈ കണക്കുകൾ ബഹുമാനപ്പെട്ട സഭാംഗങ്ങളുടെ കൈവശം നല്കപ്പെട്ടിരിക്കുന്ന ബഡ്ജറിൽ അതിനുവേണ്ടി ചേത്തിരിക്കുന്ന കള്ളിയിൽ ഉണ്ട്. ഫ ഫ വ ലെ റവന്യു വരവു ചിലവുകൾ ന ൭൦൭ ൫ ലക്ഷം ക. യുടെ മിച്ചം വരുത്തീട്ടുണ്ട്. ഈ മിച്ച സംഖ്യയിൽ നിന്നു വ്യ. ഫ ഫ ലക്ഷം ക. റവന്യു റിസർവ്വ് ഫണ്ടിലേക്കു നീക്കുകയുണ്ടായി. ഫ ഫ വ ൽ അരി വില്പനക്കു സഹായധനം കൊടുക്കാൻ ബഡ്ജറിൽ കൊള്ളിച്ചിരിക്കുന്നതു ൭ ലക്ഷംക. യാണു. ഈ വസ്തുത പ്രത്യേകം ഓർമ്മയിൽ വെക്കാൻ അപേക്ഷ. ഇതിനെപ്പറ്റി ഞാൻ കുറച്ചു കഴിഞ്ഞാൽ സ്പർശിക്കുന്നതായിരിക്കും.

ഫ ഫ വ ലെ റിവൈസ്ഡ് എസ്റ്റിമേറവ്

൰. ഫ ഫ വ ലെ ബഡ്ജറവ് എസ്റ്റിമേറവ് തയ്യാറാക്കിയതു ര് ഫ ൯.൯ ൫ ലക്ഷംക. വരുമാനമുണ്ടാകുമെന്നും ര് ഫ വ്യ വ ൦ ലക്ഷം ക. ചിലവുണ്ടാകുമെന്നും അങ്ങിനെ ഫ. ൭ ൫ ലക്ഷം ഉറപ്പിക മിച്ചമുണ്ടാകുമെന്നും പ്രതീക്ഷിച്ചാണു. റിവൈസ്ഡ് എസ്റ്റിമേറവുകൊണ്ടു കാണുന്നതു ര൫ന. ഫ ന ലക്ഷം ക. വരവും ര ൫ വ. ൫ന ലക്ഷം ക. ചിലവും ഉണ്ടായതായിട്ടാണു. മിച്ചം ൦.ന൦ ലക്ഷംക. ഫ ഫ വ ലെ ബഡ്ജറിൽ അരി വില്പനക്കു സഹായധനമായി ൭ ലക്ഷംക.യാണു ചേത്തിരുന്നതെന്നു ഞാൻ മുമ്പു പറഞ്ഞുവല്ലൊ. അതേമാതിരിതന്നെ ഫ ഫ വ ഫ ലെ ബഡ്ജറിലും ൭ ലക്ഷം ഉറപ്പികയാണു സഹായധനം നൽകുവാൻ നീക്കിവെച്ചിരുന്നതു. എന്നാൽ, കൊച്ചി ഗവണ്മെണ്ടിൽനിന്നു അധികവിലക്കു വാങ്ങുന്ന അരി ചുരുങ്ങിയ വിലക്കു റേഷൻകാർഡുകാക്കു വിറ്റതുമൂലം ഓരോ കൊല്ലവും വലിയ സംഖ്യ സഹായധനമായി ചിലവാകാറുണ്ടു. ൭ ലക്ഷം ഉറപ്പിക ഈ ആവശ്യത്തിന്നു മതിയാവുകയില്ല. ഫുഡ് ഡിപ്പാർട്ടുമെണ്ടു നടത്തുന്ന വ്യാപാരത്തിന്റെ വരവു ചിലവുകണക്കുകൾ ഗവണ്മെണ്ടിന്റെ റവന്യു വരവുചിലവു കണക്കുകളിൽ ഉൾപ്പെടുത്താതെ പ്രത്യേക കണക്കായിട്ടാണു വെച്ചുവരുന്നതു. ഇതാണു ശരിയായ രീതിയും. ഫ ഫ വ ൽ റവന്യു റിസർവ്വ് ഫണ്ടിൽനിന്നും വ്യ ഫ ഫ ലക്ഷം ഉറപ്പിക റവന്യു ഫണ്ടിലേക്കു നീക്കി ഫ ഫ വ ഫ അവസാനംവരെ ഫുഡ് ഡിപ്പാർട്ടുമെണ്ടിന്റെ വ്യാപാരനഷ്ടങ്ങൾ നികത്തി ചിലവെഴുതിയതുകൊണ്ടാണു ബഡ്ജറവ് എസ്റ്റിമേറവ വിട്ടു റിവൈസ്ഡ് എസ്റ്റിമേറവിൽ വരവിനത്തിലും ചിലവിനത്തിലും സാരമായ ആധിക്യമുണ്ടായിട്ടുള്ളതു. ശമ്പളപരിഷ്കരണംമൂലവും ഭക്ഷ്യാൽപാദനപദ്ധതികൾക്കായും ഗവർണ്ണർ ജനറൽ ലോർഡ് മൌണ്ട്ബാറന്റെ സ്വീകരണച്ചിലവുകൾക്കുവേണ്ടിയും ബഡ്ജറവ് എസ്റ്റിമേറവ് വിട്ടു അധികച്ചിലവുകൾ വന്നതും റിവൈസ്ഡ് എസ്റ്റിമേറവിലെ വ്യത്യാസങ്ങൾക്കു കാരണമായിട്ടുണ്ടു. ഫ ഫ വ ലെ തിട്ടക്കണക്കുകൾ ഈ കൊല്ലം കക്കടകത്തിൽ അടുത്ത കൊല്ലത്തേക്കു ബഡ്ജറവ് അവതരിപ്പിക്കുമ്പോൾ സഭയ്ക്കു് അറിയുവാൻ കഴിയുന്നതാണു.

൱. ഫ ഫ വ ര് ലെ ബഡ്ജറിനെപ്പറ്റി പ്രതിപാദിക്കുന്നതിനുമുമ്പ് എനിക്ക് ആമുഖമായി അല്പം പറയുവാനുണ്ടു. ഈ ബഡ്ജറവ് പതിവുപ്രകാരവും ഭരണഘടന അനുസരിച്ചും ഫ ഫ വ കക്കടത്തിൽ അവതരിപ്പിക്കേണ്ടിയിരുന്നതാണു. പക്ഷെ ഫ ഫ വ മീനത്തിൽ നിയമസഭ പിരിച്ചുവിടുകയും കക്കടകത്തിലേക്കു് ഈ അസംബ്ളി സംജാതമാകാതിരിക്കുകയും ചെയ്തതിനാൽ ആ കക്കടകത്തിൽ ബഡ്ജറവ് അവതരിപ്പിക്കുക അസാ

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. Govinda Menon]

മായിത്തീർന്നു. ഈ പരിതഃസ്ഥിതി പരിഗണിച്ച് ഒരു പ്രത്യേക വിളംബരം ക്ഷ ക്ഷ ന കക്കൂടത്തിൽ പുറപ്പെടുവിക്കുകയും ആ വിളംബരത്തിലെ വ്യവസ്ഥകളനുസരിച്ചു ഗവൺമെണ്ട് ഒരു ഇടക്കാല ബഡ്ജറ്റ് (Interim Budget) തയ്യാറാക്കി പ്രസിദ്ധപ്പെടുത്തുകയും ചെയ്തു. ഈ ബഡ്ജറ്റ് പ്രകാരം ക്ഷ ക്ഷ ന ര ലെ ക്ഷ ന മാസത്തേക്കുംകൂടി പ്രതീക്ഷിച്ചിരിക്കുന്ന വരവ് ന്യ ന്ന ന്ന ലക്ഷം രൂ. യാണു്. ക്ഷ ക്ഷ ന്ന ലെ ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം വരവ് ര ന്ന ന്ന ൽ ലക്ഷം രൂ. യും റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരം വരവ് ര ന്ന ന്ന ലക്ഷം രൂ. യും ആണെന്ന ബഹുമാനപ്പെട്ട സഭ ഓർക്കുമല്ലൊ. അങ്ങിനെ ക്ഷ ക്ഷ ന്ന കക്കൂടത്തിൽ ക്ഷ ക്ഷ ന ര ലേക്കു വേണ്ടി തയ്യാറാക്കിയ ബഡ്ജറ്റ് എസ്റ്റിമേറ്റനുസരിച്ചുള്ള വരവ് ക്ഷ ക്ഷ ന്ന ലെ ബഡ്ജറ്റ് എസ്റ്റിമേറ്റിനേക്കാൾ ൽ ന്യ ന്ന വ ലക്ഷം രൂ. യും ക്ഷ ക്ഷ ന്ന ലെ റിവൈസ്ഡ് എസ്റ്റിമേറ്റിനേക്കാൾ വ്യ ന്ന വ്യ ന്ന ലക്ഷം ഉറുപ്പികയും കുറവാണു്. ഇതു പെട്ടെന്നുള്ള ഒരു വരുമാനക്കുറവു് ഏതു ഗവൺമെണ്ടിനേയും പരിഭ്രമിപ്പിക്കുന്നതാണു്. കൊച്ചിയുടെ കഴിഞ്ഞ അനേകകൊല്ലങ്ങളിലെ ബഡ്ജറ്റുകളും പരിശോധിച്ചതിൽ, സാമാന്യമായി പറയുകയാണെങ്കിൽ ഓരോ കൊല്ലവും വരുമാനം കൂടുകയല്ലാതെ കുറയുകയുണ്ടായിട്ടില്ല. ഒന്നുരണ്ടു സന്ദർഭങ്ങളിൽ കുറയുകയുണ്ടായിട്ടുണ്ടെങ്കിൽതന്നെ അതു നേരിയ കുറവുമാത്രമായിരുന്നു. ക്ഷ ക്ഷ ന-ം ക്ഷ ക്ഷ ന ര-ം കൊല്ലങ്ങൾതമ്മിൽ ഗവൺമെണ്ടിന്റെ വരവിനത്തിൽ ഉണ്ടായിട്ടുള്ള അഗാധമായ താഴ്ച്ച ഇന്നത്തെ കൊച്ചിഗവൺമെണ്ടിന്റെ ബഡ്ജറ്റഗതിയുടെ ശ്രദ്ധാർഹമായഒരു ലക്ഷണമാണു്.

ക്ഷ ന. ചിലവിനത്തിൽ ക്ഷ ക്ഷ ന ര ലെ ആദ്യത്തെ നാലുമാസത്തെമാത്രം ചിലവ് എസ്റ്റിമേറ്റചെയ്തു ചേർക്കുകയാണു് ഇടക്കാല ബഡ്ജറ്റിൽ ചെയ്തിട്ടുള്ളതു്. അനന്തരം വരുന്ന എട്ടു മാസങ്ങളിലെ ചിലവു നിശ്ചയിക്കുവാൻ ഈ ഗവൺമെണ്ടിനും നിയമസഭക്കും വിട്ടിരിക്കുകയാണു്. ഇടക്കാലബഡ്ജറ്റിൽ ആദ്യത്തെ നാലു മാസത്തേക്കു് എസ്റ്റിമേറ്റ ചെയ്തിരിക്കുന്ന ചിലവു് ന്യ ന്ന ന്ന ൽ ലക്ഷം രൂ. യാണു്. അങ്ങിനെ ആദ്യത്തെ നാലു മാസത്തേക്കു നിശ്ചയിച്ച ന്യ ന്ന ന്ന ൽ ലക്ഷം രൂ. നീക്കി അനന്തരമുള്ള എട്ടു മാസങ്ങൾക്കു ചിലവാക്കുവാൻ ബഡ്ജറ്റിൽ വകയുണ്ടായിരുന്ന സംഖ്യ ഛ ഠ ന വ്യ ന്ന ലക്ഷം രൂ. മാത്രമാണു്.

ക്ഷ ന. ഇടക്കാല ബഡ്ജറ്റിൽ ന്ന ന്ന ന്ന ലക്ഷം രൂ. വരവു് എസ്റ്റിമേറ്റ് ചെയ്തിട്ടുണ്ടെങ്കിലും ചില അനന്തരസംഭവങ്ങളെക്കൊണ്ടു് ആ സംഖ്യ പിന്നെയും കുറഞ്ഞിട്ടുണ്ടു്. എക്സൈസ് ഡിപ്പാർട്ട്മെണ്ടിൽനിന്നും പ്രതീക്ഷിച്ചിരിക്കുന്ന വരുമാനം ഇടക്കാലബഡ്ജറ്റനുസരിച്ചു് ന്യ ഠ ര വ്യ ലക്ഷം രൂ. യാണു്. ഷാപ്പുകൾ പലതും ആകാലത്തുതന്നെ രണ്ടാമതു ലേലം നടത്തിയവകയിൽ ര ന്ന ന്യ ലക്ഷം രൂ. വരവു കുറയുകയുണ്ടായിട്ടുണ്ടു്. വനം വകുപ്പിൽ വിറക സപ്ലൈ ഡിപ്പാർട്ടുമെണ്ടിന്റെ വരവിനമായി ഇടക്കാലബഡ്ജറ്റിൽ കാണിച്ചിട്ടുള്ള ന്യ ന ഇ ലക്ഷം രൂ. ഞാൻ വരവിനത്തിൽനിന്നു നീക്കംചെയ്തിട്ടുണ്ടു്. വിറകുസപ്ലൈ വരവുചിലവുകൾ അഡ്വാൻസുകണക്കിൽ ചേർക്കുന്നതാണു കൂടുതൽ ശരിയായിരിക്കുക എന്നുള്ള തീരുമാനമനുസരിച്ചു് ഇതു ചെയ്തിട്ടുള്ളതാണു്. മേൽപറഞ്ഞകാരണങ്ങളാൽ ഇടക്കാല ബഡ്ജറ്റപ്രകാരം ക്ഷ ക്ഷ ന ര ലെക്കുള്ള വരവ് ന ഇ ഛ ന ലക്ഷം രൂ. യായി കുറഞ്ഞിരിക്കുന്നു. നാലുമാസത്തെ ചിലവു വകക്കു് ബഡ്ജറ്റിൽ വകനിത്തിയ ന്യ ഛ ന ര ലക്ഷം രൂ. നീക്കിയാൽ ക്ഷ ക്ഷ ന ര ലെ ഒടുവിലത്തെ എട്ടുമാസത്തേക്കു വകയുണ്ടാകുന്നതു് ന്ന ഠ ന ഇ ലക്ഷം രൂ. മാത്രമാണെന്നു് ബഹുമാനപ്പെട്ട സഭക്കു കാണാൻ കഴിയും.

ക്ഷ ര. ഈ ചെറിയ ഒരു സംഖ്യമാത്രം ബാക്കി നില്ക്കുന്നതിനാലും, ഈ കൊല്ലത്തിന്റെ മുന്നിൽ രണ്ടുഭാഗവും കഴിയാൻ ബാക്കിയുള്ളതുകൊണ്ടും, ഇടക്കാല ബഡ്ജറ്റിന്റെ അടിസ്ഥാനത്തിന്മേൽ ബഡ്ജറ്റ പൂർത്തിയാക്കുക സാദ്ധ്യമല്ലെന്നു പറയേണ്ടതില്ലല്ലൊ. ഗവൺമെണ്ടിന്റെ എസ്റ്റാബ്ലിഷ്മെൻറ് ചിലവുകളും മറ്റ അത്യാവശ്യകാര്യങ്ങളും മാത്രം ചേർത്താണു് ഇടക്കാല ബഡ്ജറ്റ് തയ്യാറാക്കീട്ടുള്ളതെന്നു് അതൊന്നിച്ചു പ്രസിദ്ധപ്പെടുത്തിയ ഗവൺമെണ്ടു് ആർഡറിൽ തന്നെ പറഞ്ഞിട്ടുണ്ടു്. അവശ്യം ആവശ്യമായതും അടുത്ത എട്ടു മാസങ്ങൾക്കുള്ളിൽ ചെയ്യാവുന്നതുമായ ദേശോദ്ധാരണ പരിപാടികളും ഉൾക്കൊള്ളിച്ചും കമ്മിസംഖ്യ നികത്തുവാൻ, ചിലവുചുരുക്കിയും പുതിയ നികുതികളും ഏർപ്പെടുത്തിയും പുതിയതായ ഒരു ബഡ്ജറ്റ് തയ്യാറാക്കുകയാണു ഞാൻ ചെയ്തിട്ടുള്ളതു്. പുതിയതായി ചെയ്യുന്ന ചിലവുകളും വിശദീകരണ പത്രികയിൽ രണ്ടാം അനുബന്ധമായി ചേർത്തിട്ടുണ്ടു്.

ക്ഷ ഇ. ഗവൺമെണ്ടിന്റെ ചിലവു ചുരുക്കുന്നതിനുവേണ്ടി പലനടപടികളും എടുക്കുകയുണ്ടായിട്ടുണ്ടു്. റിട്രെഞ്ച്മെൻറ് കമ്മറ്റിയുടെ റിപ്പോർട്ടിന്മേൽ ഗവൺമെണ്ടു് നടപടി

LIBRARY ARCHIVES Kerala Legislative Assembly

കും എടുത്തുവരികയാണ്. ചിലഡിപ്പാർട്ടുമെൻറുകളിലെ റിട്രെഞ്ച്മെൻറ് ഉത്തരവുകൾ പുറത്തായി കഴിഞ്ഞിട്ടുണ്ട്. ബാക്കിയുള്ളതെല്ലാം ഏതാനും ആഴ്ചകൾക്കുള്ളിൽ പുറത്താകുന്നതാണ്. റിട്രെഞ്ച്മെൻറ് കമ്മറിയുടെ റിപ്പോർട്ടിൽ പെടാത്തതായ ചില നടപടികളും വ്യയലഘൂകരണത്തിനുവേണ്ടി ഗവൺമെണ്ടു കൈക്കൊള്ളുന്നുണ്ട്. ഇതേവരെയായി എക്സൈസ്, അഡ്വൽ റജിസ്ട്രേഷൻ, അപ്പ്ലിഫ്ട്, മെഡിക്കൽ, ലൈബ്രറിസ്, ഇൻഡസ്ട്രീസ്, കൊമേഷ്യൽ എന്നി ഡിപ്പാർട്ടുമെൻറുകളെ സംബന്ധിച്ച റിട്രെഞ്ച്മെൻറ് ഉത്തരവുകൾ പുറത്തായിട്ടുണ്ട്. ഗവൺമെണ്ടിൻെറ ആലോചനയിലിരിക്കുന്ന റിട്രെഞ്ച്മെൻറുകൾ പൂർത്തിയായാൽ ഫ ഫ.൫ ൦ ലക്ഷം രൂ. മിച്ചമുണ്ടാകുമെന്നാണ് കണക്കാക്കിയിരിക്കുന്നത്. അടുത്ത ഏതാനും ദിവസങ്ങളിൽ വ്യയലഘൂകരണത്തെപ്പറ്റി എൻെറ ബഹുമാന്യ സുഹൃത്തുക്കൾ പലർക്കും സുവ്യക്തമായ അഭിപ്രായങ്ങൾ നല്കുമെന്നു ഞാൻ വിചാരിക്കുന്നു. ആ അഭിപ്രായങ്ങൾകൂടി ശ്രദ്ധാപൂർവ്വം ധരിച്ചു് അനന്തര നടപടികൾ എടുക്കാമെന്നാണ് ഉദ്ദേശിക്കുന്നത്. ൧൯൦൦ രൂ.യിൽ കൂടുതൽ ശമ്പളക്കാരുടെ ക്ഷാമബത്ത നിർത്തലാക്കിയിരിക്കുന്നു.

൧൬. ബഡ്ഡറ്റു കമ്മി നികത്തുന്നതിനു സ്വീകരിച്ചിട്ടുള്ള ഒരു മാർഗ്ഗമാണ് റിട്രെഞ്ച്മെൻറ്. പുതിയ നികുതികളും ചുമത്തിയാലല്ലാതെ ഇക്കൊല്ലം എസ്റ്റിമേറ്റുചെയ്ത ചെത്തിരിക്കുന്ന ചിലവുകൾക്ക് സംഖ്യ മതിയാവുകയില്ല. അതിനാൽ പുതിയ ധനാഗമ ബില്ലുകൾ ഈ സഭയിൽ അടുത്ത ഏതാനും ദിവസങ്ങൾക്കുള്ളിൽ അവതരിപ്പിക്കാൻ ഞാൻ ഉദ്ദേശിക്കുന്നു. അവയെപ്പറ്റി ഒന്നൊന്നായി പറയാം.

൧൭. ആദായ നികുതിയുടേയും സൂപ്പർ നികുതിയുടേയും തോതുകളിൽ ചില വ്യത്യാസങ്ങൾ വരുത്താനാണ് എൻെറ ഒരു നിർദ്ദേശം. കൊച്ചിയിലെ ആദായനികുതി റെയിറ്റുകൾ ഇന്ത്യയിലുള്ളതിനേക്കാൾ കുറവാണ്. ഇന്ത്യയിലുള്ള റെയിറ്റുകൾ ഇവിടെയും കൊണ്ടുവരാനാണ് ബില്ലുകൊണ്ട് ഉദ്ദേശിക്കുന്നത്. ഈ ഭേദഗതിമൂലം ആദായനികുതി ഇനത്തിൽ വരവു വർദ്ധിക്കുമെന്നു മാത്രമല്ല താഴ്ന്നവരുമാനക്കാർക്ക് ആശ്വാസവുമുണ്ടാകും. കൊച്ചിയിലെ ഇപ്പോഴത്തെ നിയമപ്രകാരം ൫,൦൦൦ രൂ.യിൽ കൂടുതൽ വാർഷികവരുമാനമുള്ളവരെല്ലാം ആദായനികുതി കൊടുക്കണം. അതുകൊണ്ട് ആദായം ൩,൦൦൦ രൂ. യിൽ താഴെ ഉള്ളവരെ നികുതിയിൽനിന്ന് ഒഴിവാക്കുന്ന പ്രകാരമാണ് ഭേദഗതി. കൂടുതൽ വിവരങ്ങൾ ബില്ലിൽനിന്നു മനസ്സിലാകുമെന്നതിനാൽ ഞാൻ ഇവിടെ വിവരിക്കുന്നില്ല. ആദായനികുതി ഇന്ത്യാഗവൺമെണ്ടിലെ റെയിറ്റിൽ ആക്കുന്നതുമൂലം ഈ കൊല്ലം ഫ ൫ ലക്ഷംരൂ.യാണ് കൂടുതൽ വരവു പ്രതീക്ഷിക്കുന്നത്.

൧൮. ആദായനികുതി പിരിവു കുറെ ബാക്കിയായിട്ടാണ് കാണുന്നത്. പഴയ ആദായ നികുതിക്കേസുകൾ തീർക്കുന്നതിനുവേണ്ടി ഒരു ഡെപ്യൂട്ടികമ്മീഷണരുടെ താല്ക്കാലിക തസ്തിക സൃഷ്ടിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതുമൂലം ൧൫ ലക്ഷംരൂ. വരവു കൂടുതലുണ്ടാകുമെന്നു ഞാൻ പ്രതീക്ഷിക്കുന്നു. കൂടുതൽ വരുന്ന ചിലവ് ൧൫,൦൦൦ രൂ. മാത്രമാണ്.

൧൯. ആധാരങ്ങളുടെ മുദ്രവിലയുടെ റെയിറ്റു കൂട്ടുവാനാണ് എൻെറ മറെറാരു നിർദ്ദേശം. മദിരാശി സംസ്ഥാനത്തെ റെയിറ്റുകൾ ഇന്ന് ഇവിടെ ഉള്ളതിനേക്കാൾ എത്രയോ അധികമാകുന്നു! ഓരോ രേഖക്കും മദിരാശി സംസ്ഥാനത്തിലെ റെയിറ്റിൻെറ ൧/൯ വരത്തക്ക നിലയിൽ ഇവിടത്തെ റെയിറ്റു വർദ്ധിപ്പിക്കണമെന്നു മാത്രമേ ഉദ്ദേശിക്കുന്നുള്ളൂ. ഈ ഇനത്തിൽ അടുത്ത എട്ടുമാസത്തിൽ കൂടുതൽ കിട്ടുമെന്നു പ്രതീക്ഷിക്കുന്നത് ൦.൫൦ ലക്ഷംരൂ.യാണ്.

൨൦. ൫,൦൦൦ രൂ.യിൽ കൂടുതൽ സലയുള്ള ആധാരങ്ങൾ റജിസ്ട്രാക്കുവാൻ, ഓരോ ആയിരത്തിനും ൨ രൂ. വീതം ഫീസ് ഇപ്പോൾ കൊച്ചിയിൽ റജിസ്ട്രേഷൻ ഫീസ്. ഈ മദിരാശി സംസ്ഥാനത്തിലെപ്പോലെ നാലുറുപ്പികയാക്കി വർദ്ധിപ്പിക്കാനും ഉദ്ദേശിക്കുന്നുണ്ട്. ഇതിൽനിന്ന് ൦.൫൦ ലക്ഷം രൂ.യാണ് പ്രതീക്ഷിക്കുന്നത്. ൫,൦൦൦ രൂ.യിൽ താഴെ സലയായ ആധാരങ്ങൾക്ക റജിസ്ട്രേഷൻ ഫീസ് കൂട്ടുവാൻ ഉദ്ദേശമില്ല.

൨൧. സഹകരണസംഘങ്ങൾപോലെ ആധാരങ്ങൾക്ക് ഇപ്പോൾ മുദ്രയും റജിസ്ട്രേഷൻ ഫീസും ആവശ്യമില്ല. മദിരാശി സംസ്ഥാനത്തിൽ ഫ ൫ കൊല്ലം മുമ്പ് ഈ ആനുകൂല്യം ചെയ്തിയാക്കിയിട്ടുണ്ട്. രശീതികൾക്കും കടപ്പത്രങ്ങൾക്കും ആനുകൂല്യങ്ങൾ നിലനിർത്തിക്കൊണ്ട്,

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. Govinda Menon]

മറ്റു രേഖകൾക്കു പകരം റെയിറ്റിൽ മദ്യവിലയും രജിസ്ട്രേഷൻ ഫീസും വസൂലാക്കേണ്ടതാണെന്നും ഉദ്ദേശിക്കുന്നു. സഹകരണസംഘങ്ങളുടെ വസ്തുസംബന്ധമായ വ്യാപാരങ്ങൾക്കു മാത്രമെ ഫീസ്സ് വസൂൽ ചെയ്യപ്പെടുകയുള്ളു എന്നു കാണുമല്ലൊ. ഈ ഇനത്തിൽ പ്രതീക്ഷിക്കുന്നതു, ൦൦൦ ക. യാണു്.

൨൨. അഞ്ചൽകവറുകളുടെ വില മുക്കാലണയിൽനിന്നു് ഒരണയായും പാർസലുകളുടേതു് ൩ ണ. ൪ സ.യിൽനിന്നു് ൪ ണ. യായും വർദ്ധിപ്പിക്കാനാണു് മറ്റൊരു നിർദ്ദേശം. ഈ വകയിൽ എട്ടു മാസത്തേക്കു് ൦.൩ ൦ ലക്ഷം ക. വരുമാനക്കൂടുതൽ പ്രതീക്ഷിക്കുന്നു.

൨൩. കൊച്ചിയിലെ വില്പനനികുതി മദിരാശി സംസ്ഥാനത്തിലെ തോതൊപ്പിച്ചു വർദ്ധിപ്പിക്കാനും ഉദ്ദേശമുണ്ടു്. കൊച്ചിയിലെ ഇന്നത്തെ റെയിറ്റു് ൨ % (ഏകദേശം ഉറുപ്പികക്കു രണ്ടുപൈ) ആണു്. മദിരാശിയിലെ തോതു് ഉറുപ്പികക്കു് ൩ പൈയാണു്. ചില വിലപ്പിടിച്ച സാമാനങ്ങൾക്കു് (ഉദാഹരണം—മോട്ടാർ വാഹനങ്ങൾ, വയർലെസ്) കൂടുതൽ വില്പനനികുതിയും മദിരാശിയിലെപ്പോലെ ഇവിടെ ചുമത്താൻ ഉദ്ദേശമുണ്ടു്. ചാരായം, ശീമമദ്യം, പുകയില, അടക്ക, ചകിരി എന്നി സാധനങ്ങളുടെ വില്പന, ഇപ്പോൾ ഇവിടെ നികുതിയിൽനിന്നൊഴിവാണു്. ഇവയുടെ വില്പനയും നികുതിക്കു വിധേയമാക്കാൻ ഉദ്ദേശിക്കുന്നു. ഈ വ്യത്യാസങ്ങൾമൂലം അടുത്ത എട്ടുമാസത്തിൽ ൨ ൦ ലക്ഷം ഉറുപ്പികയാണു വരവു കൂടുതൽ പ്രതീക്ഷിക്കുന്നതു്.

൨൪. അരിക്കു സഹായധനമായി ൧൯൪൮൪൯ൽ ൩൫ ലക്ഷം ഉറുപ്പിക ചിലവു വരുമെന്നു കണക്കാക്കിയിരിക്കുന്നു. ൧൯൪൯ ഒക്ടോബർ ൧-ാംതിയ്യതിമുതൽ സഹായധനത്തിൽ പകുതി ഇന്ത്യാഗവൺമെണ്ടു് നല്കുമെന്നു് അറിവു കിട്ടിയിട്ടുണ്ടു്. അതിനാൽ ഇക്കൊല്ലത്തെ ബഡ്ജറ്റിൽ അരിവിലക്കു സഹായധനമായി ൩ ൫ ലക്ഷം ഉറുപ്പിക ഇന്ത്യാഗവൺമെണ്ടിൽനിന്നു വരവും ൫൩ ലക്ഷം ഉറുപ്പിക ഈ ഗവൺമെണ്ടിന്നു ചിലവും കാണിച്ചിട്ടുണ്ടു്.

൨൫. മുകളിൽ വിവരിച്ച പുതിയ വരവിനങ്ങളും കൂടി ചേർത്തും, വിശദീകരണപത്രികയിൽ വിവരിച്ചിട്ടുള്ള പുതിയ ചിലവുകളും കൊള്ളിച്ചും ബഡ്ജറ്റു തയ്യാറാക്കിയിരിക്കുന്നു. ൧൯൪൯൫ലേക്കു് എസ്റ്റിമേറ്റു ചെയ്തിരിക്കുന്ന വരവു് ൪൩.൯൩ ലക്ഷം ഉറുപ്പികയാകുന്നു. ൧൧ ലക്ഷം ഉറുപ്പിക റവന്യൂ റിസർവ്വ് ഫണ്ടിൽനിന്നും ൧൨ ലക്ഷം ഉറുപ്പിക ഇൻഡസ്ട്രിയൽ ഡെവലപ്പ്മെണ്ടു് ഫണ്ടിൽനിന്നും നീക്കിയാണു് ഈ വരവു് ഉണ്ടാക്കിയിട്ടുള്ളതു്. ഇക്കൊല്ലത്തെ റവന്യു ചിലവു് ൪൩.൧൩ ലക്ഷം ഉറുപ്പികയെന്നു് എസ്റ്റിമേറ്റു ചെയ്തിരിക്കുന്നു. മിച്ചം പ്രതീക്ഷിക്കുന്നതു് ൧. ൭ ലക്ഷം ഉറുപ്പിക.

൨൬. റവന്യൂ റിസർവ്വ്ഫണ്ടിൽനിന്നും ഇൻഡസ്ട്രിയൽ ഡവലപ്പ്മെണ്ടു് ഫണ്ടിൽനിന്നും കഴിഞ്ഞകൊല്ലത്തിലെന്നപോലെ ഇക്കൊല്ലവും ൩ ൦ ലക്ഷത്തിൽ താഴെ നീക്കേണ്ടിവന്നതിനെപ്പറ്റി രണ്ടുവാക്കു പറയേണ്ടിയിരിക്കുന്നു. അരിവിലയുടെ സഹായധനമായി ഇക്കൊല്ലം ൫൩ ലക്ഷം ഉറുപ്പികയാണു് ചേർത്തിട്ടുള്ളതു്. ൧൯൪൯ലും ൧൯൫൦-ലും ൭ ലക്ഷം ഉറുപ്പികവീതം മാത്രമെ ഈ വകയ്ക്കു് ബഡ്ജറ്റിൽ കൊള്ളിച്ചിട്ടുള്ളൂ. അതുവിട്ടു് നമ്മുടെ ആകെ ചിലവിന്റെ ആറിലൊന്നു വരുന്ന സംഖ്യ— ൫൩ ലക്ഷം ക.—ഇക്കൊല്ലം സഹായധനം വകക്കു ചേർത്തിരിക്കുകയാണു്. ഫുഡ്ഡ്ഡിപ്പാർട്ടുമെണ്ടിന്റെ വ്യാപാരങ്ങളുടെ പരിമാണത്തെപ്പറ്റി ശരിയായ ധാരണ നമ്മുടെ ബഡ്ജറ്റു ശരിയായി മനസ്സിലാക്കുന്നതിനു് അനുപേക്ഷണീയമത്രെ. ൧൯൪൯ വ്യ ലാണു് നമ്മുടെ ഫുഡ് ഡിപ്പാർട്ടുമെണ്ടു് സംഘടിപ്പിച്ചതു്. ആദ്യമാദ്യം കൊച്ചിയിൽ നിന്നും, പിന്നെപ്പിന്നെ മദിരാശി, മദ്ധ്യസംസ്ഥാനങ്ങൾ, സിന്ധു് തുടങ്ങിയ ഇന്ത്യൻ പ്രോവിൻസുകളിൽ നിന്നും, ഒടുവിലൊടുവിലായി വിദേശരാജ്യങ്ങളിൽ നിന്നുമാണു് നമ്മുടെ ഭക്ഷണത്തിന്നു പോരാത്ത അരിവരുന്നതു്. നമുക്കു കിട്ടുന്ന അരിയുടെ വില യുദ്ധം അവസാനിച്ചതിന്നുശേഷം കൂടുകയാണുണ്ടായിട്ടുള്ളതു്. അരിവിലയുടെ ഭാരം ഉപഭോക്താക്കൾ മുഴവനായി വഹിക്കാതിരിക്കുന്നതിനു വേണ്ടിട്ടാണു് ഗവൺമെണ്ടു സഹായധനം നല്കുന്നതു്. ൧൯൪൯ മുതൽ ഇടവിടാതെ ഈ ഭാരം ഗവൺമെണ്ടു വഹിച്ചുവരുന്നു. ഇങ്ങിനെയുള്ള അസാധാരണ സന്ദർഭങ്ങളിൽ ഗവൺമെണ്ടിനു് അവലംബമാകാൻ ഉദ്ദേശിച്ചു സൃഷ്ടിച്ചിട്ടുള്ളതാകുന്നു റവന്യു റിസർവ്വ് ഫണ്ടു്. അതിനാൽ റവന്യു റിസർവ്വ് ഫണ്ടിൽനിന്നു് സംഖ്യ റവന്യു കണക്കിലേക്കു നീക്കി ബഡ്ജറ്റു സ്വീകരിച്ചതിൽ സാധുകരിക്കത്തക്കതല്ലാതെ ഒന്നുമില്ലെന്നു ധൈര്യമായി പറയാൻ കഴിയും.

LIBRARY ARCHIVES Kerala Legislative Assembly

ഡോ. സർ, ഫിനാൻസ് മിനിസ്റ്ററിന്റെ ബഡ്ജറ്റിനെപ്പറ്റി കൂടുതൽ വിവരങ്ങൾ നല്കേണ്ടതുണ്ടെന്നു് എനിക്കു തോന്നുന്നില്ല. ബഡ്ജറ്റു പുസ്തകത്തിലും വിശദീകരണപത്രികയിലും അടങ്ങിയ കണക്കുകൾ ആവർത്തിക്കേണ്ടതായ ആവശ്യവും ഇല്ല. അതിനാൽ ഞാൻ ഉപസംഹരിക്കട്ടെ.

ഡോ. എന്നാൽ എന്റെ പ്രസംഗം അവസാനിപ്പിച്ചു് ആസനസ്ഥനാകുന്നതിനു മുമ്പു് കൊച്ചി ഇന്ത്യായൂണിയനിൽ ചേരുമ്പോൾ ഉണ്ടായേക്കാവുന്ന പരിണാമത്തെപ്പറ്റി അല്പം പറയുന്നതു സന്ദർഭോചിതമായിരിക്കുമെന്നു ഞാൻ കരുതുന്നു.

ഡോ. ഇന്ത്യയുടെ ഭരണഘടന അടുത്ത ഏതാനും ആഴ്ചകൾക്കുള്ളിൽ പാസ്സാക്കപ്പെടും. ഒരു ഫെഡറൽ ഭരണഘടനയാണു് ഇന്ത്യക്കുണ്ടാകാൻ പോകുന്നതു്. ഒരു ഫെഡറേഷനുമായി ബന്ധം കൊച്ചിക്കു് ഇതേവരെ ഉണ്ടായിട്ടില്ല. ക്രി.വ.-ാംനൂറ്റാണ്ടിന്റെ അന്ത്യവർഷങ്ങളിലും ക്രി.പി. നൂറ്റാണ്ടിന്റെ ആദ്യവർഷങ്ങളിലുമായി കൊച്ചിയും ഈസ്റ്റിന്ത്യാക്കമ്പനിയുമായി ബന്ധം സ്ഥിരപ്പെടുകയുണ്ടായി. ഈസ്റ്റിന്ത്യാക്കമ്പനിയുടെ കയ്യിൽ നിന്നു് അധികാരങ്ങൾ ബ്രിട്ടീഷു ഗവൺമെണ്ടിലേക്കു മാറിയതോടുകൂടി ഈ ബന്ധം ബ്രിട്ടീഷു ഗവൺമെണ്ടുമായിട്ടായി. ക്രി.പി. ആഗസ്റ്റു് ക്രി.പി.-ാംനു-വരെ ക്രി.പി. ലധികം കൊല്ലക്കാലം ഈ ബന്ധം നീണ്ടുനിന്നു. ഈ ബന്ധത്തിന്റെ സ്വഭാവം എന്താണെന്നു പ്രസിദ്ധമാണല്ലൊ. ബ്രിട്ടീഷു ഗവൺമെണ്ടിനു കൊച്ചിയിലുണ്ടായിരുന്നതു് ഒരു അധീശശക്തിയുടെ അധികാരമാണു്. ഈ അധീശശക്തിക്കു നാം കപ്പവും കൊടുത്തുവന്നിരുന്നു. ഈ സംഖ്യ കൊച്ചിക്കു താങ്ങുവാനരുതാത്ത ഭീമമായ ഒന്നായിരുന്നു. ക്രി.പി.-ാമാണ്ടിൽ കൊച്ചിയുടെ മുതലെടുപ്പു് ര.ൻ്റു ലക്ഷം ക. യായിരുന്നു. ക്രി.പി. ൽ ൧.൫൫ ലക്ഷം ക. യും. ഇക്കാലത്തു കൊച്ചി ബ്രിട്ടീഷിനു കൊടുത്തിരുന്ന കപ്പം പ്രതിവർഷം ഡ,൭൩,൦൩൭ ക. യായിരുന്നു. ഒരു ജേതാവു് താൻ കീഴടക്കിയ രാജ്യത്തുനിന്നു് ആ രാജ്യത്തെ മുതലെടുപ്പിൽ ഒരു സിംഹഭാഗം വസൂൽ ചെയ്തിരുന്നതായിരുന്ന ഈ കപ്പമേർപ്പാടെന്നു ചുരുക്കം. പിന്നിടു് ക്രി.പി.-ൽ കപ്പം ഡ ലക്ഷം ക.യായി ചുരുക്കി ക്രിസ്റ്റലൈസ്ചെയ്യുകയും ക്രി.പി. വരെ ആ തോതിൽ കൊടുത്തുവരികയും ചെയ്തിട്ടുണ്ടു്. നമ്മുടെ മുതലെടുപ്പു വർദ്ധിച്ചുവന്നതോടൊപ്പം വിദേശീയമായ ഈ അധീശശക്തി കപ്പം കൂട്ടിച്ചോദിച്ചിട്ടില്ലെന്നതുകൊണ്ടാണു് അടുത്ത കാലങ്ങളിൽ കപ്പം നമ്മുടെ ബഡ്ജറ്റുകളിൽ സാരമായ ഒരു ഭാരമായി നിലനിന്നിരുന്നതു്.

ഡോ. ൦. തുറന്ന ഭാഷയിൽ പറയുകയാണെങ്കിൽ, ഇക്കാലമത്രയും ബ്രിട്ടീഷുഗവൺമെണ്ടും കൊച്ചിയുമായി നിലനിന്നിരുന്നതു് അഭിമാനകരമായ ഒരു ബന്ധമല്ല. ക്രി.പി. ലെ ഭരണഘടനയും ഇന്ത്യൻ നാട്ടുരാജ്യങ്ങളെ സംബന്ധിച്ചിടത്തോളം യഥാർത്ഥമായ ഒരു ഫെഡറേഷനെ വിഭാവനംചെയ്തിരുന്നില്ല. ബ്രിട്ടന്റെ അധീശാധികാരം നാട്ടുരാജ്യങ്ങളിലും ബ്രിട്ടന്റെ പരമാധികാരം ബ്രിട്ടീഷിന്ത്യയിലും നിലനിർത്തിക്കൊണ്ടും നാട്ടുരാജ്യങ്ങളിലെ ജനങ്ങൾക്കു ഫെഡറേഷനിൽ സ്ഥാനമൊന്നും നൽകാതേയും ഉണ്ടാക്കിയ ഒരു ഭരണഘടനയായിരുന്നു അതു്. ഈ ഫെഡറേഷനിൽ നാട്ടുരാജ്യങ്ങൾ ചേരുന്നതിനെപ്പറ്റി രാജാക്കന്മാരും അധീശശക്തിയുടെ പ്രതിനിധികളും തമ്മിൽ ദീർഘകാലം നീണ്ടുനിന്ന വാദപ്രതിവാദങ്ങളിൽ, ഒരു വിദേശഗവൺമെണ്ടുമായി നടത്തുന്ന വാദപ്രതിവാദങ്ങളുടെ സ്വഭാവമുണ്ടായിരുന്നു; അങ്ങിനെയുള്ള സന്ദർഭങ്ങളിൽ കാണാവുള്ള ഒരു കണക്കുപറയലിന്റെ സമ്പ്രദായത്തിലായിരുന്നു ആ സംഭാഷണങ്ങൾ.

ഡോ. ഈ ക്രി.പി. കൊല്ലക്കാലത്തെ ബന്ധത്തിന്റെ സ്മരണയും മനസ്സിൽവെച്ചുകൊണ്ടു്, ക്രി.പി. ലെ ഭരണഘടനയിൽ ബ്രിട്ടീഷു ഗവൺമെണ്ടും നാട്ടുരാജ്യങ്ങളും തമ്മിൽ ഉണ്ടാകാൻ നിശ്ചയിച്ച ബന്ധത്തിന്റെ മൌലികാടിസ്ഥാനങ്ങൾ വരാൻപോകുന്ന ഭരണഘടനയിൽ തിരസ്കരിക്കപ്പെട്ടിരിക്കുന്നു എന്നു് ഓർക്കാതെ നാം പലപ്പോഴും ഈ വിഷയത്തെപ്പറ്റി ആലോചിക്കാറുണ്ടു്. വരാൻപോകുന്ന ഭരണഘടനയിൽ, നാട്ടുരാജ്യങ്ങൾക്കു നൽകാൻ ഉദ്ദേശിക്കുന്ന സ്ഥാനം ബ്രിട്ടീഷ്ഗവൺമെണ്ടുമായി ഇത്രകാലം ഉണ്ടായിരുന്നതും, ക്രി.പി. ലെ ആക്ടപ്രകാരം ഉണ്ടാകണമെന്നു് ഉദ്ദേശിച്ചിരുന്നതും ആയ ബന്ധത്തിൽ നിന്നു് തുലോം ഭിന്നമാണു്.

ഡോ. ഈ ഭരണഘടനപ്രകാരം ഉണ്ടാകാൻപോകുന്ന ഇന്ത്യാഗവൺമെണ്ടു് ഒരു അന്യഗവൺമെണ്ടായിരിക്കുകയില്ല. ഒരു ഫെഡറൽ ഭരണഘടനയിൽ രാജ്യത്തിന്റെ ഓരോ ഭാഗത്തും രണ്ടു ഗവൺമെണ്ടുകൾ ഉണ്ടായിരിക്കും; രണ്ടു അധികാരശക്തികൾ പ്രവർത്തിച്ചുകൊ

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. Govinda Menon]

ണ്ടിരിക്കും. ഓരോ ഘടകത്തിലും ഫെഡറൽ ഗവണ്മെണ്ടും തദ്ദേശ ഗവണ്മെണ്ടുകളും ഒരേ സമയത്തു പ്രവർത്തിച്ചുകൊണ്ടിരിക്കും. ഫെഡറൽ ഗവണ്മെണ്ടിന്റെ അധികാരപരിധി ആ ഗവണ്മെണ്ടിനു ഭരണഘടനയിൽ നീക്കിവെച്ചിരിക്കുന്ന വിഷയങ്ങളിലും തദ്ദേശ ഗവണ്മെണ്ടിന്റേതു് അതിനു നീക്കിവെച്ച വിഷയങ്ങളിലുമായിരിക്കുമെന്നുമാത്രം വ്യത്യാസം. പുതിയ ഭരണഘടന നടപ്പിൽ വരുത്തുകയും ഒരു നാട്ടരാജ്യം അതിൽ ചേരുകയും ചെയ്തു കഴിഞ്ഞാൽ പിന്നത്തെ നിലയെ ഞാൻ ഇങ്ങനെ വിവരിക്കാം. ആ നാട്ടരാജ്യത്തിൽ ഒരു ഗവണ്മെണ്ടുണ്ടായിരിക്കും. അവിടത്തെ ഭരണഘടനയനുസരിച്ചു് ആ നാട്ടിലെ ജനങ്ങൾക്കു് ആ ഗവണ്മെണ്ടു് വിധേയമായിരിക്കും. ആ നാട്ടരാജ്യത്തിലും ഇന്ത്യയുടെ മറ്റു ഭാഗങ്ങളിലും ഒരുപോലെ പ്രവർത്തിക്കുന്ന മറ്റൊരു ഗവണ്മെണ്ടും ഉണ്ടായിരിക്കും. അതു് ഇന്ത്യായൂണിയന്റെ ഗവണ്മെണ്ടായിരിക്കും. യൂണിയൻ ഗവണ്മെണ്ടും ആ നാട്ടരാജ്യത്തിലെ ജനങ്ങളുടെ ഗവണ്മെണ്ടായിരിക്കും. ആ ഗവണ്മെണ്ടിന്റെ പ്രസിഡണ്ടിനെ തിരഞ്ഞെടുക്കുന്നതിൽ ആ നാട്ടിലെ ജനങ്ങൾക്കു് ഇന്ത്യയിലെ മറ്റേതു ഭാഗത്തെ ജനങ്ങൾക്കുമെന്നപോലെ അവകാശമുണ്ടായിരിക്കും. യൂണിയൻ നിയമസഭകൾ തിരഞ്ഞെടുക്കുന്നതിൽ ആ നാട്ടിലെ ജനങ്ങളും പങ്കെടുക്കും. അത്രതന്നെയുള്ള ഒരു അവസ്ഥാവിശേഷമാണു് നാട്ടരാജ്യങ്ങളിൽ പുതിയ ഇന്ത്യൻ ഭരണഘടന വരുത്താൻ പോകുന്നതു്; നാട്ടരാജ്യങ്ങളൊഴിച്ചുള്ള ഇന്ത്യയിലുള്ള എല്ലാ ജനങ്ങളുടേയും വകയായ ഒരു ഇന്ത്യാ ഗവണ്മെണ്ടിന്റെ ചുമതലകളിലും അവകാശങ്ങളിലും ഭാഗഭാക്കാവുക എന്നുള്ളതാണു് ഈ അവസ്ഥാവിശേഷം.

ന. നാ. അപ്പോൾ, ഇന്ത്യാ ഫെഡറൽ ഗവണ്മെണ്ടിൽ നാട്ടരാജ്യപ്രജകളും ഭാഗഭാക്കുകളായി നാട്ടരാജ്യപ്രജകളെന്നും യൂണിയൻ പൌരന്മാരെന്നും വ്യത്യാസമില്ലാതെ ആ ഗവണ്മെണ്ടിന്റെ പ്രവർത്തനത്തിൽ പങ്കെടുക്കാൻ പോകയാണു്. എന്നാൽ ഫെഡറലധികം കൊല്ലക്കാലം ബ്രിട്ടീഷുഗവണ്മെണ്ടിൽ തങ്ങളുടെ ജേതാക്കളുടേതായ ഒരു അന്യഗവണ്മെണ്ടിനേയും ആ ഗവണ്മെണ്ടിനു കൊടുത്തിരുന്ന വാർഷിക ഭോഗത്തിൽ ഒരു പരാജിത ജനത നിർബന്ധത്താൽ നല്കുന്ന കപ്പത്തേയും കണ്ട പരിചയിച്ച നാട്ടരാജ്യങ്ങൾ പുതിയ ഇന്ത്യൻ ഭരണഘടനക്കുശേഷവും ഈ സ്മരണകൾക്കു ചിലപ്പോൾ വിധേയരാകുന്നുണ്ടെങ്കിൽ അതു പക്ഷെ സ്വാഭാവികമായിരിക്കാം, എന്നാൽ ക്ഷന്തവ്യമല്ല.

ന. ര. ഇതെല്ലാം ധരിച്ചാൽ, പുതിയ ഭരണഘടനയിലെ നികുതി വിഭജന വ്യവസ്ഥകൾ നാട്ടരാജ്യങ്ങളിലേയും പ്രോവിൻസുകളിലേയും ജനങ്ങൾ അവരുടേതായ ഇന്ത്യാഗവണ്മെണ്ടിനും അവരുടേതായ തദ്ദേശ ഗവണ്മെണ്ടുകൾക്കും നികുതികൾ കൊടുക്കാനുള്ള വ്യവസ്ഥകൾ മാത്രമാണെന്നു കാണ്മാൻ കഴിയും. എന്താണു് ഈ വ്യവസ്ഥകൾ? പുതിയ ഭരണഘടനയുടെ പത്താമത്തെ പാർട്ടിലാണു് ഈ വ്യവസ്ഥകൾ കൊള്ളിച്ചിട്ടുള്ളതു്. പതിനാറാമത്തെ വകുപ്പിൽ ഇന്ത്യാഗവണ്മെണ്ടു ചുമത്തുന്നതും എന്നാൽ തദ്ദേശഗവണ്മെണ്ടുകൾക്കു പിരിച്ചെടുക്കാവുന്നതുമായ ചില നികുതികളെപ്പറ്റിപറയുന്നു. ഇതു് ഇന്ത്യയിലെല്ലായിടത്തും തുല്യ രീതിയിൽ ആ നികുതി വസൂലാക്കപ്പെടണമെന്നു് ഉദ്ദേശിച്ചു ചേർത്തിട്ടുള്ള വ്യവസ്ഥയാണു്. പതിനേഴാം വകുപ്പിൽ പറയുന്ന നികുതികൾ ഇന്ത്യാഗവണ്മെണ്ടു നിശ്ചയിക്കുന്നതും പിരിക്കുന്നതും ആയ നികുതികളാണു്. ഇങ്ങനെയുള്ള നികുതി നിശ്ചയിക്കേണ്ടതും പിരിക്കേണ്ടതും ഇന്ത്യാഗവണ്മെണ്ടായിരിക്കണമെന്നു് പതിനെട്ടാം വകുപ്പിൽ പറയുന്നു. എന്നാൽ ഈ നികുതി ഇന്ത്യാഗവണ്മെണ്ടു് തനിച്ചു എടുക്കുന്നതല്ല. അതു് ഇന്ത്യാഗവണ്മെണ്ടും ഘടകങ്ങളും തമ്മിൽ ഒരു നിശ്ചിത ശതമാനമനുസരിച്ചു പങ്കിടുന്നതായിരിക്കും. ആ ശതമാനം ഓരോ ഘടകത്തിനും ഓരോ വിധത്തിലാകാൻ വിരോധമില്ല. ഇപ്പോൾ നിലവിലിരിക്കുന്ന "നീമേയർ അവാർഡ്" പ്രകാരം ഇന്ത്യയിലെ പ്രോവിൻസുകൾ തമ്മിൽ വ്യത്യസ്തമായ രീതിയിലാണു് ഈ വിഭജനം നടക്കുന്നതു്. മുഴുവൻ ശതമാനവും ഒരു ഘടകത്തിനു പങ്കു കൊടുക്കുന്നതിനും തടസ്ഥം കാണുന്നില്ല. മറ്റു വ്യവസ്ഥകൾ ഞാൻ ഇവിടെ വിവരിക്കണമെന്നുദ്ദേശിക്കുന്നില്ല. നികുതി വിഭജന വ്യവസ്ഥമൂലം ദോഷം നേരിടുന്ന ഘടകങ്ങൾക്കു സഹായധനം നൽകാൻ പതിമൂന്നാംവകുപ്പിൽ വ്യവസ്ഥ കാണുന്നുണ്ടു്. സർവ്വോപരി പതിമൂന്നാം വകുപ്പിൽ, ഒരു നിശ്ചിതകാലത്തേക്കു് നാട്ടരാജ്യങ്ങളുമായി നികുതി വിഭജന കാര്യങ്ങളെപ്പറ്റി പ്രത്യേക ഖരാറുചെയ്യാനും വ്യവസ്ഥയുണ്ടു്.

ന. ഭ. ഞാൻ ഈ വിഷയത്തെപ്പറ്റി ഇതുമുതൽ ഇവിടെ പ്രസ്താവിച്ചതു നമ്മുടെ ജീവൽ പ്രശ്നങ്ങളിലേക്കു്, രാജ്യത്തിന്റെ ഭരണത്തിന്റെ പരമാധികാരം വഹിക്കുന്ന ഈ ബഹുമാനപ്പെട്ട സഭയുടെ ശ്രദ്ധയെ ക്ഷണിക്കണമെന്നുദ്ദേശിച്ചുകൊണ്ടു്. ഇന്ത്യാഭരണഘടന

LIBRARY ARCHIVES Kerala Legislative Assembly

അടുത്ത നിലവിൽ വരും. ഇന്ത്യാ യൂണിയനിൽ ഒരു ഘടകമായി സംഘടിക്കാതെ, സ്വതന്ത്ര കൊച്ചിയായി നിൽക്കണമെന്ന നാം ഒരുനാളും ആഗ്രഹിക്കയില്ല. ഇന്ത്യൻയൂണിയനിലെ ഒരു ഘടകമായി സംഘടിക്കുമ്പോൾ, ഇന്ത്യൻ ഭരണഘടനയിലെ നികുതിവിഭജന വ്യവസ്ഥകൾ നാം അംഗീകരിക്കേണ്ടിവരും. എന്നാൽ അങ്ങിനെ ചെയ്യുന്നതുകൊണ്ട് നമ്മുടെ വാർഷിക വരുമാനം കുറഞ്ഞുകൊള്ളണമെന്നില്ല. കൊച്ചിയിൽ ഇന്നു ലഭിച്ചു കൊണ്ടിരിക്കുന്ന നിലയിലും തോതിലുമുള്ള ഗവർമ്മേണ്ടു പ്രവർത്തനങ്ങൾ പുരോഗമിപ്പിച്ചു കൊണ്ടുതന്നെ പോകുന്നതിനു മതിയായ വരുമാനങ്ങൾ നമുക്കുണ്ടാകാൻ വേണ്ടി നമുക്കു നിശ്ചയിക്കുന്ന നികുതി ശതമാനങ്ങൾ ഉയർത്തുവാൻ നാം അവശ്യപ്പെടേണ്ടിവരും. അങ്ങിനെ ചെയ്യുന്നതുമായിരിക്കും. നാട്ടുരാജ്യഗവർമ്മേണ്ടുകൾ ചെയ്യുന്ന അതിവിട്ടുനയുടെ നഷ്ടം ഈ ഗവർമ്മേണ്ടു നികത്താൻ സഹായധനം നൽകാൻ ഇന്ത്യാഗവർമ്മേണ്ടു് ഇപ്പോൾ തീരുമാനിച്ചിരിക്കുന്നു. ഫെഡറേഷന്റെ ഘടകമായി തീരുമ്പോൾ നമ്മുടേതു കൂടി ആയിത്തീരുന്ന ഇന്ത്യാഗവർമ്മേണ്ടു് നമ്മുടെ ആവശ്യങ്ങൾ വിഭാവനിക്കുമെന്നു വിചാരിക്കാൻ നിവൃത്തിയില്ല.

ന. ന. ഇന്ത്യാഫെഡറേഷനിൽ ചേരുന്നതുകൊണ്ടു സാമ്പത്തികമായി നമുക്കു ക്ഷീണം തട്ടുന്നതല്ലെന്നും പെട്ടെന്നു് ഒരു ഘടകത്തിന്റേയും സാമ്പത്തിക ഭദ്രതയ്ക്കു കോട്ടം തട്ടാതിരിക്കുവാനുള്ള വ്യവസ്ഥകൾ ഭരണഘടനയിൽത്തന്നെ ഉണ്ടെന്നും ഞാൻ ഇതുയും പറഞ്ഞതിൽനിന്നു വ്യക്തമായിരിക്കുമല്ലൊ. അഥവാ ഏതെങ്കിലും ഘടകത്തിനു ക്ഷീണം തട്ടുകയാണെങ്കിൽ, അതു് ആ ഘടകം ഒരു പ്രത്യേക ഘടകമായിരിക്കത്തക്ക വലിപ്പമോ സാദ്ധ്യതയോ ഇല്ലാത്തതുകൊണ്ടായിരിക്കുമെന്നും, അതിനുള്ള പരിഹാരമാർഗ്ഗം ഫെഡറേഷനിൽനിന്നു മാറി നിൽക്കുകയോ, ഫെഡറേഷനിൽചേർന്നുകൊണ്ടു് മാറി നിന്നുണ്ടാകുന്ന പ്രകാരമുള്ള വ്യവസ്ഥകൾക്കുവേണ്ടി വാദിക്കുകയോ ചെയ്തു് ഇന്ത്യയുടെ ഐക്യത്തിനു വിലങ്ങടിക്കുകയായിരിക്കയില്ല. ഫെഡറേഷനിൽ ചേർന്നതിനുശേഷം ഒരു പ്രത്യേക ഘടകമായി നിൽക്കുന്നതിനു് ശക്തിയില്ലാത്ത ഘടകങ്ങൾക്കു കൂടുതൽ വലിയ ഒരു ഘടകമായി വികസിക്കുകയല്ലാതെ ഗത്യന്തരമില്ല. ഈ വസ്തുത മനസ്സിൽവെച്ചുകൊണ്ടാണു നമ്മുടെ നാടുനീങ്ങിയ മഹാരാജാവു് ഐക്യകേരളത്തിനുവേണ്ടി വാദിച്ചതെന്നു ഞാൻ വിചാരിക്കുന്നു.

ന. ൭. സർ, ഞാൻ എന്റെ പ്രസംഗം ഉപസംഹരിക്കുന്നു. ബഡ്ജറിലെ കണക്കുകൾക്കു പുറമെ, ധനസംബന്ധമായ നമ്മുടെ ചില പ്രധാനപ്പെട്ട പ്രശ്നങ്ങളിലേക്കു് ഈ ബഹുമാനപ്പെട്ട സഭയുടെ ശ്രദ്ധയെ ആകർഷിയ്ക്കാൻ ഞാൻ ശ്രമിച്ചിട്ടുണ്ടു്. അവയെപ്പറ്റിയുള്ള പ്രതിപാദനമൊന്നും പൂർത്തിയായി ഞാൻ ചെയ്തിട്ടില്ല. ഈ വക അവസരങ്ങളിൽ അതു സാദ്ധ്യവുമല്ല. സർ, അങ്ങേക്കും ബഹുമാനപ്പെട്ട സഭാംഗങ്ങൾക്കും എന്റെ നമസ്കാരം.

The House rose for the day at 3-15 p. m.

N. I. OUSEPH
Secretary

LIBRARY ARCHIVES Kerala Legislative Assembly